(എഫ്) കോർപ്പറേഷൻ കണക്കാക്കിയിട്ടില്ല.

(ജി) കെട്ടിടങ്ങളുടെയും വാർഡിന്റെയും അറ്റകുറ്റപ്പണികൾക്കായി കോർപ്പറേഷൻ തുക ചെലവാക്കിയിട്ടില്ല. എന്നാൽ വാട്ടർ സപ്ലൈയുടെ പണികൾക്കായി 1983-84-ൽ 4663 രൂപയും ഇലക്ട്രിക്കൽ ജോലികൾക്കായി 1983-84-ൽ 50109 രൂപയും ചെലവാക്കിയിട്ടുണ്ട്.

പത്തനംതിട്ട-പുതുക്കുളം കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് തലച്ചിറ വരെ നീട്ടാൻ നടപടി

1262 [1727] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട നിന്നും പുതുക്കുളത്തിന് എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് സർവീസ് നടത്തുന്നത് ;

(ബി) പത്തനംതിട്ട നിന്നും പുതുക്കുളം വരെ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ തലച്ചിറ വരെ നീട്ടുന്ന കാര്യം പരിഗണിക്കാമെന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയിരുന്നുവോ ;

(സി) എങ്കിൽ അതനുസരിച്ച് ബസുകൾ ഇപ്പോൾ തലച്ചിറ വരെ പോകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ബന്ധപ്പെട്ട ജീവനക്കാർ അത് പ്രാവർത്തികമാക്കുന്നുണ്ടോ ?

(ഇ) ഇതുവരെ നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ ഉടൻതന്നെ പ്രസ്തുത സർവീസുകൾ തലച്ചിറവരെ നീട്ടുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 5 ബസുകളിലായി 18 റൗണ്ട് ട്രിപ്പ് സർവീസുകൾ നടത്തുന്നുണ്ട്.

(ബി, സി) പരിഗണിക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ തലച്ചിറ വരെ നീട്ടിയാൽ തപാൽ കൈകാര്യം ചെയ്യുന്ന മെയിൻ സർവീസുകളുടെ സമയത്തെ ബാധിക്കുമെന്നതിനാൽ ഉറപ്പ് നടപ്പിലാക്കാൻ സാധിക്കുന്നതല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തൽക്കാലം നിർവാഹമില്ല.

മണ്ണാർക്കാട്-ആനക്കട്ടി റൂട്ട്

1263. [1728] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട്-ആനക്കട്ടി റൂട്ടിന് എത്ര കിലോമീറ്റർ ദൂരം ഉണ്ട് ;

(ബി) ഫെയർ സ്റ്റേജുകൾ നിശ്ചയിക്കുന്ന പുതിയ ഗവൺമെന്റ് ഉത്തരവനുസരിച്ച് ഈ റൂട്ടിൽ എത്ര ഫെയർ സ്റ്റേജ് ഏർപ്പെടുത്താം ;

(സി) ഇപ്പോൾ എത്രയാണുള്ളത് ;

(ഡി) ഫെയർ സ്റ്റേജുകളിൽ ഇപ്പോഴുള്ള അപാകതകൾ പരിഹരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 54.6 കിലോമീറ്റർ ദൂരം.

(ബി) 24.

(സി) 24.

(ഡി) അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പുഴ-ചങ്ങനാശ്ശേരി റൂട്ടിൽ ഓടുന്ന ബസ്സുകൾ

1264. [1729] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റൂട്ടിൽ പ്രതിദിനം എത്ര കെ. എസ്. ആർ. ടി. ബസ്സുകൾ ഓടുന്നുണ്ട് ;

(ബി) ഈ റൂട്ടിൽ അനുദിനം വർദ്ധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണം പരിഗണിച്ച് കൂടുതൽ ബസ്സുകൾ ഓടിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഈ റൂട്ടിൽ ഏക. എസ്. ആർ. ടി. സി. ബസ്സുകൾ ഒരു സർവീസും നടത്തുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കായംകുളം ഡിപ്പോയിൽ നിന്ന് കായംകുളം-കോമല്ലൂർ, നൂറനാട് വഴി പന്തളത്തിന് ഒരു ബസ് സർവീസ്

1265. [1730] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ കായംകുളം-കോമല്ലൂർ, നൂറനാട് വഴി പന്തളത്തിന് ഒരു ബസ് സർവീസ് നടത്തിയിരുന്നോ ;

(ബി) ഇപ്പോൾ ആ സർവീസ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത് നിറുത്തൽ ചെയ്യാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) മറ്റ് ബസ് സർവീസുകളോ യാത്രാ സൗകര്യങ്ങളോ ഇല്ലാത്ത പ്രദേശത്തെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരുന്ന ഈ ബസ് സർവീസ് മുടക്കം കൂടാതെ നടത്തുമെന്നും നിറുത്തലാക്കുകയില്ലെന്നും സ്ഥലം എം. എൽ. എ. യ്ക്ക് കോർപ്പറേഷൻ ഉറപ്പു നൽകിയിരുന്ന കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ബസ് സർവീസ് പുനരാരംഭിക്കാനും മുടക്കം കൂടാതെ നടത്താനും വേണ്ട സത്വര നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly